**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2391** **02-08-2021 - ൽ മറുപടിയ്ക്ക്**

**പാണ്ടിക്കാട് - ഒലിപ്പുഴ റോഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി മണ്ഡലത്തിൽ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെയുള്ള റോഡ് ബി.എം. &ബി.സി. നിലവാരത്തിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | പാണ്ടിക്കാട് മുതൽ ഓലിപ്പുഴ വരെ യുള്ള റോഡിൽ പാണ്ടിക്കാട് മുതൽ കിഴക്കേ പാണ്ടിക്കാട് വരെയുള്ള (കി.മീ. 13/300 മുതൽ 16/200 വരെ) ഭാഗത്തേക്ക് സ്റ്റിപ്പിഡ് ബി.ടി യും വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുള്ള ഡ്രയിനേജ് അനുബന്ധ പ്രവൃത്തികൾക്കുമായി 50 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുള്ളതും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതുമാണ്. ഈ ഭാഗത്ത് ബി.എം & ബി.സി ചെയ്യുന്നതിനായി 230 ലക്ഷം രൂപയുടെ വർക്ക് പ്രൊപ്പോസൽ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതേ റോഡിന്റെ തുടർച്ചയായ പെരിമ്പിലാവ് - നിലമ്പൂർ SH-ൽ ഉൾപ്പെട്ട ഒലിപ്പുഴ പാലം മുതൽ കിഴക്കേ പാണ്ടിക്കാട് ഉൾപ്പെടുന്ന 1300 മീറ്റർ ഭാഗം ഉൾപ്പെടുത്തി ബി.എം & ബി.സി റിന്യൂവൽ പ്രവൃത്തിക്കുവേണ്ടി മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (പെരിമ്പിലാവ് നിലംബൂർ റോഡിൽ കി.മി.62/320 മുതൽ 68/500 വരെ -320 ലക്ഷം രൂപ). പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകുവാൻ കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ